## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3327

19/06/2019-ൽ
മറുപടിയ്ക്ക്

## <u>മലപ്പുറം വനിതാകോളേജിൽ തസ്തിക സൃഷ്ടിക്കാൻ നടപടി</u>

**ചോദ്യം** **മറുപടി**

ശ്രീ.പി.ഉബൈദുള്ള :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ഗവ.വനിതാ കോളേജിൽ അധ്യാപക - അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കാമോ ; | (എ), (ബി) & (സി) | 2015 - 16 വർഷം പ്രവർത്തനം ആരംഭിച്ച മലപ്പുറം സർക്കാർ വനിതാ കോളേജിൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രിൻസിപ്പാൾ, ഇംഗ്ലീഷ് - 4, കെമിസ്ട്രി - 3, ബോട്ടണി - 3, ഇസ്ലാമിക് ഹിസ്റ്ററി - 2 എന്നീ തസ്തികകൾ സൃഷ്ടിച്ചിരുന്നു. ടി കോളേജിൽ ഒരു സീനിയർ സൂപ്രണ്ടിന്റെയും ഒരു എൽ.ഡി ക്ലാർക്കിന്റേയും തസ്തിക സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, നൈറ്റ് വാച്ച്മാൻ എന്നീ തസ്തികകളിലേയ്ക്ക് കുടുംബശ്രീ മുഖാന്തിരം താത്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ബി) | കോളേജിൽ സൂപ്രണ്ട് ഉൾപ്പെടെ ഓഫീസ് ജീവനക്കാരുടെ ഒരു തസ്തിക പോലുമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**